## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2191 | 04.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **കഷ്ടത അനുഭവിക്കുന്ന സ്ത്രീകൾക്കുവേണ്ടിയുള്ള പദ്ധതികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.കെ. രാജൻ**<br>**,, ആർ. രാമചന്ദ്രൻ**<br>**,, ഇ.ടി. ടൈസൺ മാസ്റ്റർ**<br>**,, വി.ആർ. സുനിൽ കുമാർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) കഷ്ടത അനുഭവിക്കുന്ന സ്ത്രീകൾക്ക് വിവിധ പ്രതിസന്ധികളെ അതിജീവിച്ച് മുന്നേറുന്നതിന് അടിയന്തര സഹായം നല്കുന്നതിന് വനിതാ ശിശുവികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | എ) ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്ക് അടിയന്തിര ധനസഹായം നൽകുന്ന 'അതിജീവിക' പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആയതിന്റെ അപേക്ഷ സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ബി) അതിജീവിക എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതി ഏതൊക്കെ വിഭാഗങ്ങളിലുള്ള സ്ത്രീകൾക്കാണ് ആശ്വാസമാകുന്നതെന്ന് അറിയിക്കുമോ; | ബി) **ഗുണഭോക്താക്കൾ**<br>• ഭർത്താവ്/കുട്ടികൾ/കുടുംബനാഥ എന്നിവർ രോഗബാധിതരായി കിടപ്പു രോഗിയുള്ള കുടുംബം.<br>• പ്രകൃതി ദുരന്തത്താലോ, മനുഷ്യ വിപത്തിനാലോ വീട് നഷ്ടപ്പെട്ട്/നാശം സംഭവിച്ച് വാടകയ്ക്ക് താമസിക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന സ്ത്രീ കുടുംബനാഥയായ കുടുംബം.<br>• കട ബാധ്യത മൂലം കുടുംബനാഥ ജപ്തി ഭീഷണി നേരിടുന്ന കുടുംബം.<br>• ഭർത്താവിന്റെ അസുഖം/വിയോഗം മൂലം മക്കളുടെ പഠനത്തിനും ആശ്രിതരുടെ ചികിത്സയ്ക്കും ബുദ്ധിമുട്ടുന്ന സ്ത്രീ കുടുംബനാഥയായ കുടുംബം.<br>• അസുഖം ബാധിച്ച് മറ്റാരും നോക്കാനില്ലാതെ കഷ്ടപ്പെടുന്ന സ്ത്രീ. |

| | |
|---|---|
| | **അർഹത മാനദണ്ഡം**<br>അപേക്ഷകരുടെ വാർഷിക കുടുംബ വരുമാനം 50,000/- രൂപയ്ക്ക് താഴെയായിരിക്കണം. അപേക്ഷകർക്ക് പ്രായപൂർത്തിയായ തൊഴിൽ ചെയ്യുന്ന മക്കൾ ഉണ്ടായിരിക്കരുത്. |
| സി) പ്രസ്തുത പദ്ധതി ധനസഹായം സംബന്ധിച്ചും പദ്ധതി ആനുകൂല്യം ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ? | സി) ജില്ലാ വനിത ശിശു വികസന ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വിമൺ പ്രൊട്ടക്ഷൻ ഓഫീസർ, പ്രോഗ്രാം ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ, സൂപ്പർവൈസർ എന്നിവർക്ക് അപേക്ഷ സ്വീകരിക്കാവുന്നതും ഇവ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് കൈമാറാവുന്നതുമാണ്. ലഭ്യമായ അപേക്ഷകളിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർ വിശദമായ അന്വേഷണം നടത്തി സർക്കാരിൽ നിന്നും ഇതേ ആവശ്യത്തിന് മുൻപ് ധനസഹായം ലഭിച്ചവരെ ഒഴിവാക്കി അപേക്ഷയിൽ പറഞ്ഞവിധം ദുരിതമനുഭവിക്കുന്നവരാണെന്ന് ഉറപ്പ് വരുത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. ജില്ലാതല കമ്മിറ്റി (ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി) കൂടി അപേക്ഷകൾ പരിഗണിച്ച് ധന സഹായത്തിന് വനിത ശിശു വികസന ഡയറക്ടർക്ക് ശുപാർശ ചെയ്യുന്നു. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് സംസ്ഥാന സമിതിയുടെ അംഗീകാരത്തോടെ പരമാവധി 50,000/-രൂപ വരെ (ഒറ്റത്തവണ) ധനസഹായം അനുവദിച്ച് നൽകുന്നു. |

Sd/-

സെക്ഷൻ ഓഫീസർ